# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1349** **08.02.2013 ൽ – മറുപടിക്ക്**

## സംസ്ഥാന സർക്കാരിന്റെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും കേന്ദ്രം എ.പി.എൽ ആയി കണക്കാക്കുന്ന കാർഡുടമകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ലൂഡി ലൂയിസ് | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന സർക്കാരിന്റെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും കേന്ദ്രം എ.പി.എൽ ആയി കണക്കാക്കുന്ന കാർഡുടമകൾക്ക് ബി.പി.എൽ ആനുകൂല്യങ്ങൾ ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; | (എ) സംസ്ഥാനസർക്കാരിന്റെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും എ.പി.എൽ. ആയി കണക്കാക്കപ്പെടുന്ന കാർഡുടമകൾക്ക് ബി.പി.എൽ. കാർഡ് നല്കിയിട്ടില്ല. എന്നാൽ ബി.പി.എൽ. വിഭാഗത്തിനായി പുതുതായി കേന്ദ്രം അനുവദിച്ച അരിയും ഗോതമ്പും ഈ വിഭാഗത്തിന് നല്കുന്നതിന് തീരുമാനമായിട്ടുണ്ട്. |
| (ബി) ഇവർക്ക് കൂടുതൽ അരിയും ഭക്ഷ്യസാധനങ്ങളും വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;<br>(സി) എന്തെല്ലാം ഭക്ഷ്യസാധനങ്ങളാണ് ഇങ്ങനെ നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത്: വിശദമാക്കുമോ; | (ബി) & (സി) ഈ വിഭാഗത്തിന് നിലവിൽ ലഭിച്ചു വരുന്ന വിഹിതത്തിനു പുറമേ കിലോഗ്രാമിന് 6.20 രൂപ നിരക്കിൽ 19 കിലോഗ്രാം അരിയും 4.70 രൂപ നിരക്കിൽ 6 കിലോഗ്രാം ഗോതമ്പും 4 മാസത്തേക്ക് അധികമായി ലഭിക്കും. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) കേന്ദ്രസർക്കാർ ബി.പി.എൽ. വിഭാഗത്തിന് അധിക വിഹിതമായി അനുവദിച്ച 1,32,725 മെ.ടൺ അരിയും 54,211 മെ.ടൺ ഗോതമ്പും ജില്ലാടിസ്ഥാനത്തിൽ സബ് അലോക്കേറ്റ് ചെയ്തിട്ടുണ്ട്. ബി.പി.എൽ. ലിസ്റ്റിൽ ഇടം നേടിയിട്ടും ബി.പി.എൽ. കാർഡ് വിതരണം ലഭിക്കാത്ത റേഷൻ ഉപഭോക്താക്കൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് റേഷൻ കാർഡിൽ സാക്ഷ്യപ്പെടുത്തി വരുന്ന മുറയ്ക്ക് കിലോഗ്രാമിന് 6.20 രൂപ നിരക്കിൽ 19 കിലോഗ്രാം അരിയും 4.70 രൂപ നിരക്കിൽ 6 കിലോഗ്രാം ഗോതമ്പും 4 മാസത്തേക്ക് അധികമായി ലഭിക്കും. |

സെക്ഷൻ ഓഫീസർ